REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 16-07-2024 | സമയം 12.30 PM

## പ്രധാന വാർത്തകൾ

- സംസ്ഥാനത്ത് കനത്ത മഴ തുടരുന്നു. വ്യാപക നാശനഷ്ടം. മഴക്കെടുതിയിൽ നാല് മരണം. എല്ലാ താലൂക്ക് ഓഫീസുകളിലും കൺട്രോൾ റൂമുകളും ദുരിതാശ്വാസ ക്യാമ്പുകളും തുറക്കാൻ നിർദേശം നൽകിയതായി മന്ത്രി കെ രാജൻ.
- തീവ്ര മഴയ്ക്ക് സാധ്യത കണക്കിലെടുത്ത് ഒൻപത് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.
- ജമ്മു കശ്മീരിലെ ഡോഡ ജില്ലയിൽ ഭീകരരുമായി ഉണ്ടായ ഏറ്റുമുട്ടലിൽ ഓഫീസർ ഉൾപ്പെടെ നാല് സൈനികർക്ക് വീരമൃത്യു.
- സംസ്ഥാന ഗവൺമെന്റിന്റെ നൂറു ദിന കർമ്മ പരിപാടികൾക്ക് തുടക്കമായി. സാധാരണക്കാരുടെ ക്ഷേമവും സാമൂഹിക പുരോഗതിയും ഉറപ്പു വരുത്തുന്ന പ്രവർത്തനങ്ങൾക്ക് ഇത് ഊർജ്ജം പകരുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
- ഇന്ന് കർക്കടകം ഒന്ന്. രാമായണ മാസാചരണത്തിന് തുടക്കമായി.
- ആമയിഴഞ്ചാൻ തോടിൽ മാലിന്യം കുന്നുകൂടി കിടക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ മറ്റന്നാൾ മുഖ്യമന്ത്രി അടിയന്തര യോഗം വിളിച്ചു.

## വാർത്തകൾ വിശദമായി

സംസ്ഥാനത്ത് വ്യാപക മഴയിൽ കനത്ത നാശനഷ്ടം. പലയിടത്തും വീടുകൾ തകർന്നു. ജില്ലകളിൽ കനത്ത മഴ തുടരുന്നതായാണ് റിപ്പോർട്ട്.

✪✪✪

സംസ്ഥാനത്ത് കാലവർഷക്കെടുതിയിൽ നാല് മരണം.

പാലക്കാട് കണ്ണമ്പ്ര കോട്ടേക്കാട്, മഴയിൽ വീടിന്റെ ചുമർ ഇടിഞ്ഞുവീണ് അമ്മയും മകനും മരിച്ചു. കോടക്കുന്ന് വീട്ടിൽ സുലോചന, മകൻ രഞ്ജിത് എന്നിവരേയാണ് മരിച്ച നിലയിൽ കണ്ടെത്തിയത്. രാത്രിയിൽ വീടിന്റെ പിൻഭാഗത്തെ ചുവർ ഇടിഞ്ഞു വീഴുകയായിരുന്നു.

കണ്ണൂർ ചൊക്ലി ഒളവിലത്ത് രാവിലെ വെള്ളക്കെട്ടിൽ വീണു ഒരാൾ മരിച്ചു. ചന്ദ്രശേഖരനാണ് മരിച്ചത്.

മട്ടന്നൂരിനടുത്ത് കോളാരി കുംഭം മൂലയിൽ വീടിനടുത്തെ വെള്ളക്കെട്ടിൽ വീണ് ഇന്നലെ സ്ത്രീ മരിച്ചു. കോളാരിയിലെ കുഞ്ഞാമിന ആണ് മരിച്ചത്.

പാലക്കാട്ട് മുതുകുന്നിൽ പുഴയിൽ, ഒഴുകി വരുന്ന തേങ്ങ ശേഖരിക്കാൻ പോയി ഇന്നലെ ഉച്ചകഴിഞ്ഞ് ഒഴുക്കിൽപെട്ട് കാണാതായ രാജേഷിനായി തെരച്ചിൽ തുടരുകയാണ്.

✪✪✪

സംസ്ഥാനത്ത് നാളെ വൈകിട്ട് വരെ അതിതീവ്ര മഴ മുന്നറിയിപ്പുണ്ടെന്നും എല്ലാ താലൂക്ക് ഓഫീസുകളിലും

കൺട്രോൾ റൂമും ദുരിതാശ്വാസ കേന്ദ്രങ്ങളും തുറക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി കെ രാജൻ പറഞ്ഞു. ജില്ലകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകളാണ് തുറന്നതെന്ന് മന്ത്രി തൃശൂരിൽ അറിയിച്ചു.

NDRF സംഗങ്ങളും സജ്ജമാണ്. മലയോര മേഖലയകളിലേക്കു യാത്ര നിരോധനം ആവശ്യമുണ്ടെങ്കിൽ നടപ്പാക്കാൻ കളക്ടർമാർക്ക് നിർദേശം നൽകിയിട്ടുണ്ട്. ആറു ലക്ഷത്തിലധികം പേരെ മാറ്റി പാർപ്പിക്കുന്നതിന് ക്യാമ്പുകൾ സജ്ജമാക്കിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. മലയോര മേഖലയിൽ യാത്ര ചെയ്യുമ്പോൾ ജാഗ്രത പാലിക്കണമെന്നും കെ രാജൻ പറഞ്ഞു.

⭐⭐⭐

ബംഗാൾ ഉൾക്കടലിൽ ന്യൂനമർദം രൂപപ്പെട്ടതിനെയും കാലവർഷക്കാറ്റ് ശക്തി പ്രാപിച്ചതിനെയും തുടർന്ന് സംസ്ഥാനത്ത് ശനിയാഴ്ച വരെ അതിശക്തമായ മഴക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

ഇന്ന് തീവ്രമഴയ്ക്ക് സാധ്യത കണക്കിലെടുത്ത് ഒൻപത് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും, ശക്തമായ മഴയ്ക്ക് സാധ്യത കണക്കിലെടുത്ത് മൂന്ന് ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചു. കാസർകോട്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശൂർ, എറണാകുളം, ഇടുക്കി ജില്ലകളിലാണ് ഓറഞ്ച് ജാഗ്രത. കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. നാളെ കണ്ണൂർ,

കാസർകോട്, കോഴിക്കോട് ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്.

കേരള -കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ വെള്ളിയാഴ്ച വരെ മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

അതിനിടെ, ബംഗാൾ ഉൾക്കടലിൽ വെള്ളിയാഴ്ച വീണ്ടും ന്യൂനമർദ്ദത്തിന് സാധ്യത രൂപപ്പെട്ടു.

ഇതിന്റെ ഫലമായി ഈ സമയത്തു അറബിക്കടലിലെ കാലവർഷക്കാറ്റ് സജീവമായി തന്നെ തുടരാനും കേരളത്തിൽ വ്യാപകമായ മഴക്കും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് ഏറ്റവും ഒടുവിൽ പുറത്തിറക്കിയ പ്രവചനത്തിൽ പറയുന്നു.

അടുത്ത രണ്ടാഴ്ച കേരളത്തിൽ, പ്രത്യേകിച്ച് വടക്കൻ കേരളത്തിൽ, സാധാരണയിൽ കൂടുതൽ മഴ ലഭിക്കാനും സാധ്യതയുണ്ട്.

രണ്ടു ദിവസമായി പെയ്യുന്ന കനത്ത മഴയിൽ പാലക്കാട് ജില്ലയിലെ വിവിധ ഭാഗങ്ങളിൽ വ്യാപക നാശനഷ്ടമാണ് ഉണ്ടായിരിക്കുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്..

..........വോയ്സ്...........

✪✪✪

കോഴിക്കോട് മാവൂർ ഭാഗത്ത് താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം ഉയർന്നുകൊണ്ടിരിക്കുന്നു. പ്രദേശത്ത് മൂന്നോളം കുടുംബത്തെ മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്. പന്തിരാങ്കാവ് മാത്തറയിൽ മരം വീണ് ഭാഗികമായി തകർന്നു. കിഴക്കോത്ത് മതിലും കിണറും ഇടിഞ്ഞു.മലയോരത്ത് പുഴകളിൽ ജലനിരപ്പ് ഉയർന്നു.

✪✪✪

ശക്തമായ കാറ്റിൽ കണ്ണൂർ ജില്ലയിലെ പലയിടങ്ങളിലും മരങ്ങൾ പൊട്ടിവീണ് വൈദ്യുതി ലൈനുകൾക്കും തൂണുകൾക്കും കേടുപറ്റി.

ചാലതോട് കര കവിഞ്ഞതിനെ തുടർന്ന് സമീപത്തെ വീടുകളിൽ വെള്ളം കയറി.

✪✪✪

കണ്ണൂർ പഴശ്ശി ജലസംഭരണിയിൽ ജലനിരപ്പ് ഉയർന്നതിനെ തുടർന്ന് 16 ഷട്ടറുകളിൽ അഞ്ചെണ്ണം പൂർണ്ണമായും തുറന്നു. 11 എണ്ണം 100 സെൻറീമീറ്റർ കണ്ട് ഉയർത്തിയിട്ടുണ്ട്. ജില്ലയിലെ പുഴകളിൽ ജലനിരപ്പ് ക്രമാതീതമായി ഉയർന്നു. ചിലയിടങ്ങളിൽ പുഴകൾ കരകവിഞ്ഞു.

✪✪✪

എറണാകുളം ജില്ലയിൽ രാവിലെ കനത്ത മഴയാണ് ലഭിച്ചത്. പെരിയാറിൽ ജലനിരപ്പ് ഉയർന്നതിനെ തുടർന്ന് ആലുവ ശിവക്ഷേത്രം മുങ്ങി.

മലങ്കര ഡാമിലെ എല്ലാ ഷട്ടറുകളും പത്തു മുതൽ 50 സെൻറീമീറ്റർ വരെ ഉയർത്തി. തൊടുപുഴ മൂവാറ്റുപുഴ ആറുകളുടെ തീരത്തുള്ളവർ ജാഗ്രത പാലിക്കണമെന്ന് ജില്ലാ ഭരണകൂടം അറിയിച്ചു.

പെരിങ്ങൽകുത്ത് ഡാം തുറന്നതിനെ തുടർന്ന് ചാലക്കുടി പുഴയുടെ തീരത്ത് താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് ദുരന്തനിവാരണ അതോറിറ്റി അറിയിച്ചു.

✪✪✪

ജമ്മു കശ്മീരിലെ ഡോഡ ജില്ലയിൽ ഭീകരരുമായി ഉണ്ടായ ഏറ്റുമുട്ടലിൽ ഓഫീസർ ഉൾപ്പെടെ നാല് സൈനികർ വീരമൃത്യു വരിച്ചു. ഇന്നലെ രാത്രി കനത്ത ആയുധധാരികളായ ഭീകരരുമായുണ്ടായ ഏറ്റുമുട്ടലിൽ ഗുരുതരമായി പരിക്കേറ്റ മേജർ ബ്രിജേഷ് ഥാപ്പ ഉൾപ്പടെ നാല് സൈനികരാണ് വീരമൃത്യു വരിച്ചത്.

രാഷ്ട്രീയ റൈഫിൾസിന്റെയും, ജമ്മു കശ്മീർ പോലീസ് സ്പെഷ്യൽ ഓപ്പറേഷൻസ് ഗ്രൂപ്പിന്റെയും സംയുക്ത സംഘം ഡോഡ ജില്ലയിലെ ധാരി ഗോട്ടെയിൽ തിരച്ചിൽ നടത്തുന്നതിനിടെയാണ് സുരക്ഷാ സേനയും ഭീകരരും തമ്മിൽ ഏറ്റുമുട്ടലുണ്ടായതെന്ന് ആകാശവാണി ജമ്മു ലേഖകൻ റിപ്പോർട്ട് ചെയ്യുന്നു. പ്രദേശത്തെ ഭീകരരുടെ ഏറ്റുമുട്ടലിൽ

ഗുരുതരമായി പരിക്കേറ്റ അഞ്ച് സൈനികരിൽ നാല് പേരാണ് പിന്നീട് വീരമൃത്യു വരിച്ചത്.

✪✪✪

ഡോഡയിൽ നടക്കുന്ന തീവ്രവാദ വിരുദ്ധ ഓപ്പറേഷനെ കുറിച്ച് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദിയുമായി സംസാരിച്ചു. നിലവിലെ സ്ഥിതിയും നടപടികളും, കരസേനാമേധാവി രാജ്യരക്ഷാ മന്ത്രിയെ അറിയിച്ചു.

✪✪✪

രണ്ടാം പിണറായി വിജയൻ ഗവൺമെന്റിന്റെ നാലാമത്തെ നൂറു ദിന കർമ്മ പരിപാടികൾക്ക് തുടക്കമായി. സാധാരണക്കാരുടെ ക്ഷേമവും സാമൂഹിക പുരോഗതിയും സമഗ്രവും സുസ്ഥിരവുമായ വികസനവും ഉറപ്പു വരുത്തുന്ന പ്രവർത്തനങ്ങൾക്ക് ഇത് ഊർജ്ജം പകരുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. തെരഞ്ഞെടുപ്പ് പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ നടപ്പിലാക്കുന്നതിനോടൊപ്പം പ്രത്യേക ശ്രദ്ധ ചെലുത്തേണ്ട മേഖലകളെ ഉൾപ്പെടുത്തിയാണ് കർമ്മ പരിപാടി തയ്യാറാക്കിയിരിക്കുന്നതെന്നും മുഖ്യമന്ത്രി വാർത്താ കുറിപ്പിൽ അറിയിച്ചു.

ഒക്ടോബർ 22 വരെ, ഗവൺമെന്റിന്റെ മൂന്നാം വാർഷികത്തോട് അനുബന്ധിച്ച് നടപ്പാക്കുന്ന നൂറു ദിന കർമ്മ പരിപാടിയിൽ 100 ദിവസംകൊണ്ട് 47 വകുപ്പുകളുടെ 13,013 കോടി 40 ലക്ഷം രൂപയുടെ പദ്ധതികൾ

നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. രണ്ട് ലക്ഷത്തി 59,384 തൊഴിലവസരങ്ങൾ സൃഷ്ടിക്കലും നൂറുദിന പരിപാടിയിൽ ലക്ഷ്യമിടുന്നതായി പിണറായി പറഞ്ഞു.

✪✪✪

ഇന്ന് കർക്കിടകം ഒന്ന്, രാമായണ മാസത്തിന് തുടക്കമായി. ഹൈന്ദവ ഭവനങ്ങളിലും, ക്ഷേത്രങ്ങളിലും, രാമായണ പാരായണം ആരംഭിച്ചു. ആചാരങ്ങൾക്കും, ചികിത്സകൾക്കും ഏറെ പ്രാധാന്യമുള്ള കർക്കിടകമാസത്തിന്റെ തുടക്കത്തിൽ രാമായണപാരായണം ആരംഭിച്ച് മാസാവസാനത്തോടെ രാമായണം വായിച്ച് തീർക്കണം എന്നാണ് ആചാരം.

രാമായണമാസത്തിൽ നാലമ്പല ദർശനം വിശ്വാസികൾക്ക് പ്രധാനമാണ്. പരമ്പരാഗത വിധിപ്രകാരം സുഖചികിത്സകളും, വാവുബലിയും ഈ മാസത്തിന്റെ പ്രത്യേകതകളാണ്. ഐശ്വര്യത്തിനായി ശീപോതിവയ്ക്കുന്ന ആചാരവും, ഈ മാസത്തിൽ അനുഷ്ഠിക്കാറുണ്ട്.

✪✪✪

മാലിന്യങ്ങൾ വൃത്തിയാക്കുന്നതിനിടെ ഒരു ജീവൻ പൊലിഞ്ഞ തിരുവനന്തപുരത്തെ ആമയിഴഞ്ചാൻ തോടിന്റെ റെയിൽവേ സ്റ്റേഷനടിയിൽ കൂടി പോകുന്ന ഭാഗത്ത് മാലിന്യം കുന്നുകൂടി കിടക്കുന്നത് മൂലമുണ്ടാകുന്ന വിവിധ പ്രശ്നങ്ങളിൽ സ്വീകരിക്കേണ്ട നടപടി ചർച്ചചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയൻ അടിയന്തര യോഗം വിളിച്ചു.

മറ്റന്നാൾ രാവിലെ 11:30ന് ഓൺലൈൻ ആയാണ് യോഗം ചേരുക. തദ്ദേശ ഭരണം, പൊതുമരാമത്ത്, തൊഴിൽ, ഭക്ഷ്യം, കായികം -റെയിൽവേ, ആരോഗ്യം, ജലവിഭവം വകുപ്പ് മന്ത്രിമാരും ബന്ധപ്പെട്ട എംഎൽഎമാരും തിരുവനന്തപുരം മേയറും പങ്കെടുക്കും. ചീഫ് സെക്രട്ടറി ഉൾപ്പെടെ ഉന്നത ഉദ്യോഗസ്ഥരും റെയിൽവേ ഡിവിഷണൽ മാനേജരും യോഗത്തിലുണ്ടാകും. ഈ പ്രദേശത്ത് മാലിന്യം കുന്നു കൂടുന്നത് വെള്ളത്തിന്റെ ഒഴുക്ക് തടയുന്നതിനും, തമ്പാനൂരിലും പരിസരത്തും വെള്ളക്കെട്ടുണ്ടാകുന്നതിനും ഇടയാക്കുന്നുണ്ട്. രോഗാണുക്കൾ പെരുകി ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്കും കാരണമാവുന്ന സാഹചര്യത്തിലാണ് യോഗം.

✪✪✪

ഒന്നും ചെയ്യാത്തതു കൊണ്ടാണ് ആമയിഴഞ്ചാൻ തോട്ടിൽ ദുരന്തമുണ്ടായതെന്ന് പ്രതിപക്ഷം വിമർശിക്കുമ്പോൾ, മന്ത്രിമാർക്ക് പൊള്ളുന്നുണ്ടെന്ന് പ്രതിപക്ഷ നേതാവ് V.D. സതീശൻ പറഞ്ഞു.

ഗവൺമെന്റിന്റെ തെറ്റുകൾ ചൂണ്ടിക്കാട്ടി തിരുത്തിക്കുകയെന്നതാണ് പ്രതിപക്ഷ ധർമ്മമെന്ന് അദ്ദേഹം സുൽത്താൻ ബത്തേരിയിൽ മാധ്യമങ്ങളോട് പറഞ്ഞു. മഴക്കാലപൂർവ ശുചീകരണം നടന്നിട്ടില്ലെന്നും അതിന്റെ ഭാഗമായി സംസ്ഥാനത്ത് പകർച്ച വ്യാധികൾ പടരുന്നെന്നും അതീവ ഗൗരവത്തോടെ പ്രതിപക്ഷം നിയമസഭയിൽ പറഞ്ഞതാണെന്നും അദ്ദേഹം അറിയിച്ചു.

ജോയിയെ രക്ഷിക്കുന്നതിന്റെ ഭാഗമായി യന്ത്ര സഹായത്തോടെ ടൺ കണക്കിന് മാലിന്യങ്ങളാണ് നീക്കിയത്. അപ്പോൾ ഇവർ വിചാരിച്ചാൽ മാലിന്യങ്ങൾ മാറ്റാൻ സാധിക്കുമായിരുന്നുവെന്നും സതീശൻ പറഞ്ഞു.

✪✪✪

ഓണത്തിനൊരുമുറം പച്ചക്കറി പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നാളെ രാവിലെ സെക്രട്ടേറിയറ്റ് ഉദ്യാനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. മൺചട്ടിയിലും നിലത്തുമായി 13 ഇനം പച്ചക്കറികൾ സെക്രട്ടേറിയറ്റ് അങ്കണത്തിലെ കൃഷിക്ക് വേണ്ടി ഉപയോഗിക്കും. ഓണത്തിന് വിളവെടുപ്പ് ഉദ്ദേശിച്ച് ഓറഞ്ച്, മഞ്ഞ എന്നീ നിറങ്ങളിൽ 1,200 ഹൈബ്രിഡ് ജമന്തി തൈകളും സെക്രട്ടറിയേറ്റ് അങ്കണത്തിൽ നടാൻ തീരുമാനിച്ചിട്ടുണ്ട്.

✪✪✪

മലപ്പുറത്ത് രണ്ട് പേർക്ക് മലമ്പനി സ്ഥിരീകരിച്ചു. പൊന്നാനി നഗരസഭയിലെ 5ാം ഡിവിഷനിലാണ് രോഗം സ്ഥിരികരിച്ചത്. ആരോഗ്യ വകുപ്പ് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കി.

✪✪✪

തിരുവനന്തപുരം മെഡിക്കൽ കോളേജ് ഒപി ബ്ലോക്കിലെ ലിഫ്റ്റിൽ കുടുങ്ങിയ രോഗിയെ മന്ത്രി വീണാ ജോർജ് മെഡിക്കൽ കോളേജിൽ സന്ദർശിച്ചു. രോഗിയുടെ ആരോഗ്യ നില തൃപ്തികരമാണെന്ന് ഡോക്ടർമാർ അറിയിച്ചു.

✪✪✪

തൃശൂർ വടക്കുംനാഥ ക്ഷേത്രത്തിൽ ചരിത്രപ്രസിദ്ധമായ ആനയൂട്ട് നടന്നു.

രാമായണമാസാചരണത്തോടെ അനുബന്ധിച്ച് ആയിരങ്ങളാണ് ഗജവീരന്മാരെ വരവേൽക്കാൻ ക്ഷേത്രത്തിൽ എത്തിയത്.

ഗുരുവായൂർ ലക്ഷ്മി എന്ന കുട്ടിയാനയ്ക്ക് ക്ഷേത്രം മേൽശാന്തി ചെറുമുക്ക് ശ്രീരാജ് നാരായണൻ ആദ്യ ഉരുള നൽകി ആനയൂട്ടിന് തുടക്കം കുറിച്ചു.

✪✪✪

ഇന്ന് ലോക സർപ്പദിനം. പരിസ്ഥിതി സന്തുലിതാവസ്ഥ നിലനിർത്തുന്നതിൽ പാമ്പുകളുടെ പങ്കിനെക്കുറിച്ച് ബോധവൽക്കരിക്കുക, ഈ ഉരഗജീവികളെക്കുറിച്ച് തെറ്റിദ്ധാരണ മാറ്റുക, പാമ്പുകടി മരണങ്ങൾ തടയുക എന്നിവയാണ് ദിനാചരണത്തിന്റെ ലക്ഷ്യം. ഇന്ത്യയിൽ ആദ്യമായി പാമ്പുകളുടെ സംരക്ഷണത്തിനും, ജനങ്ങളുടെ സുരക്ഷയ്ക്കും കേരള വനംവകുപ്പ് 'സർപ്പ' മൊബൈൽ ആപ്ലിക്കേഷൻ ആവിഷ്ക്കരിച്ചിട്ടുണ്ട്. നാട്ടിൽ കണ്ടെത്തുന്ന വിഷപ്പാമ്പുകളെ രക്ഷപ്പെടുത്തി വനത്തിൽ വിടാനും, പാമ്പുകളെക്കുറിച്ചു വിവരങ്ങൾ ജനങ്ങളിൽ എത്തിച്ച് വ്യാജ ചികിത്സ തടയാനുമാണ് ഈ ആപ്ലിക്കേഷൻ ലക്ഷ്യമിടുന്നത്.

✪✪✪